**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233** **14-02-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയുന്നതിന്റെ ഭാഗമായി ഖരമാലിന്യങ്ങളും ദ്രവമാലിന്യങ്ങളും നീക്കം ചെയ്യുന്ന പദ്ധതികൾ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി പുതിയ പദ്ധതികൾ രൂപകൽപന ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ സ്വിവറേജ് വിങ് രൂപീകരിച്ചിട്ടുണ്ട്. സ്വിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് പ്ലാനിന്റെ പ്രാഥമിക എഞ്ചിനീയറിംഗ് രൂപരേഖ സംസ്ഥാനത്തിനു വേണ്ടി ആകമാനവും 14 ജില്ലകൾക്കു വേണ്ടി പ്രത്യേകമായും തയ്യാറാക്കിയിട്ടുണ്ട്. 80.385 കോടി രൂപയാണ് സംസ്ഥാന പദ്ധതികൾക്ക പ്രാഥമിക രൂപരേഖ പ്രകാരം, മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത്.<br><br>സ്വിവറേജ് വിങിന്റെ തിരുവനന്തപുരം മേഖലാ കാര്യാലയത്തിന്റെ കീഴിൽ തിരുവനന്തപുരം നഗരസ പരിധിയിൽ സ്വിവറേജ് ലൈനുകൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ സ്വിവറേജ് സംവിധാനം സ്ഥാപിക്കുന്നതിനും നിലവിലുള്ള സ്വിവറേജ് പദ്ധതിയെ പുനരുദ്ധരിക്കുന്നതിനുമായി 10 ക്ലസ്റ്ററുകളായി തിരിച്ച് DPR തയ്യാറാക്കി വരുന്നു. കരമന നദിയുടെ തീരത്തുള്ള അതിരൂക്ഷ മാലിന്യ പ്രശ്നം നേരിടുന്ന 19 വാർഡുകളിലെ സീവേജ് മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും മുൻഗണന നൽകിയാണ് DPR-കൾ തയ്യാറാക്കുന്നത്.<br><br><u>സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് വേണ്ടി എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ:-</u> |

1. പെരിയാർ നദിയിൽ കലരുന്ന സ്വിവറേജ് മാലിന്യ
തടയുന്നതിനുവേണ്ടി ആലുവ മുനിസിപ്പാലിറ്റിയിൽ
സ്വിവറേജ് ട്രീറ്റ്മെന്റ് സംവിധാനം.

2. മുട്ടാർ പുഴയിലേക്ക് കലരുന്ന സ്വിവറേജ് മാലിന്യം
തടയുന്നതിനുവേണ്ടി, കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ
സ്വിവറേജ് ട്രീറ്റ്മെന്റ് സംവിധാനം.

3.ഇടുക്കി ജില്ലയിലെ തൊടുപുഴയാറിന്റെ മലിനീകരണ
ഒരു പരിധി വരെ തടയുന്നതിനായി കട്ടപ്പനയിൽ
സ്വിവറേജ് ട്രീറ്റ്മെൻറ് സംവിധാനം.

4.കോട്ടയം ജില്ലയിലെ മീനച്ചിലാറിന്റെ മലിനീകരണം
തടയുന്നതിനായി ഈരാറ്റുപേട്ട, ഏറ്റുമാനൂർ എന്നീ
മുനിസിപ്പാലിറ്റികൾക്കുള്ള സ്വിവറേജ് ട്രീറ്റ്മെന്റ്
സംവിധാനം.

5.തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലേയ്ക്കായി
വടക്കാഞ്ചേരി, പട്ടാമ്പി, പൊന്നാനി എന്നീ
മുനിസിപ്പാലിറ്റികൾക്കുള്ള സ്വിവറേജ് ട്രീറ്റ്മെന്റ്
സംവിധാനം.

6.കണ്ണൂർ ജില്ലയിലെ കവ്വായി, പെരുവമ്പ എന്നീ
പുഴകളുടെ നദീതട പ്രദേശങ്ങളിൽപ്പെട്ട പയ്യന്നൂർ
മുനിസിപ്പാലിറ്റിക്കുള്ള സ്വിവറേജ് ട്രീറ്റ്മെന്റ്
സംവിധാനം.

അമൃത് പദ്ധതിയിൽ തയ്യാറാക്കി വരുന്നവ.

1. കോഴിക്കോട് ജില്ലയിലെ കല്ലായിപ്പുഴ
മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട്
കോർപ്പറേഷനിൽ മലിനജല ശുദ്ധീകരണ പദ്ധതികൾ
ആരംഭിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷനെ
വിവിധ സോണുകളാക്കി തിരിച്ചുകൊണ്ടുള്ള
പദ്ധതികൾ നടപ്പിലാക്കാനുള്ള വിശദമായ പ്രോജക്ട്
റിപ്പോർട്ടുകൾ തയ്യാറാക്കിയതിൽ 27 MLD STP ക്കു
സീവർ നെറ്റ് വർക്കിനുമായി 179.29 കോടി രൂപയുടെ
ഭരണാനുമതി അമൃതിൽ നിന്നും ലഭിച്ചിട്ടുണ്ട്.

2. കണ്ണൂർ കോർപറേഷന്റെ സോൺ 1 നായി
വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയിൽ കാനം പുഴയു
സമീപ പ്രദേശവും ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ
വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി
ഭരണാനുമതിക്കായി അമൃതിൽ സമർപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ പ്രധാന സ്രോതസ്സായ
കരമനയാറിലെ അരുവിക്കര റിസർവോയർ ഭാഗത്ത
ചുറ്റുവേലിയും മുന്നറിയിപ്പ് ബോർഡുകളും സി.സി.റ്റി.വി
ക്യാമറയും സ്ഥാപിച്ച് മാലിന്യം വലിച്ചെറിയുന്നത്

തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജല അതോറിറ്റിയുടെ സ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് എതിരേ നിയമനടപടി സ്വീകരിക്കുന്നുണ്ട്. സ്രോതസ്സുകളിൽ ഇൻടേക്കിന് സമീപം മാലിന്യം ശ്രദ്ധയിൽപെട്ടാൽ അടിയന്തരമായി അവ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിച്ച് വരുന്നു.

ഡാമുകൾ, ചെക്ക് ഡാമുകൾ, ജലവിതരണ കനാലുകൾ,കുളങ്ങൾ തുടങ്ങിയവയാണ് ജലസേചന വകുപ്പിന് കീഴിൽ പരിപാലിച്ചു വരുന്ന കുടിവെള്ള സ്രോതസ്സുകൾ. ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ, മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്ന ഗുണനിലവാരം കാത്തു സൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തവും പൗരബോധവും ആവശ്യമാണ്. ഇത് കൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ല എന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. നദീഭാഗങ്ങളുടെ മുകൾ ഭാഗത്തു (upstream) നിർമ്മിച്ചിട്ടുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നു വിടുന്നത് വഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിച്ചു വരുന്നു. ഇതിനു പുറമേ ഓരുവെള്ളക്കയറ്റ മൂലം ജലഗുണനിലവാരം താഴ്ന്ന പോകാതെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു.

മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് തുറന്നു വിട്ട് ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. വാണിജ്യ വ്യവസായ സ്ഥാപനങ്ങളും മറ്റും മാലിന്യങ്ങൾ പുറംതള്ളുന്നത് തടയുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചു വരുന്നു. 2018- ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം കാണപ്പെടുന്ന അവസരത്തിൽ അവ നിക്ഷേപിക്കുന്നതിനെതിരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും,

| | | | |
|---|---|---|---|
| | | | പോലീസ് സ്റ്റേഷനുകളിലും ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി സമർപ്പിക്കാറുണ്ട്. ഇവയിൽ പോലീസ് ഉദ്യോഗസ്ഥർ തുടർ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച ജലസാമ്പിളുകളിൽ കോളിഫോം ബാക്ടീരിയയുടെ കൂടിയ അളവിലുള്ള സാന്നിദ്ധ്യം കണ്ടെത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ജല അതോറിറ്റിയുടെ കീഴിൽ ക്വാളിറ്റി കൺട്രോൾ വിഭാഗം കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിൽ നിന്നും, ജല ശുദ്ധീകരണ ശാലകളിൽ നിന്നും, പമ്പിങ് സ്റ്റേഷനുകളിൽ നിന്നും, വിതരണ ശൃംഗലകളിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്.<br><br>കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം  അനുവദനീയമായ പരിധിക്കപ്പുറം വരുകയാണെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് വാട്ടർ അതോറിറ്റി ബന്ധപ്പെട്ട ഓഫീസുകളിൽ നിർദ്ദേശം നൽകുകയും ചെയ്ത് വരുന്നുണ്ട്. ഇകോളി ബാക്ടിരിയയുടെ സാന്നിധ്യം ഇല്ലാതാക്കുന്നതിനായി ജല ശുദ്ധീകരണ ശാലകളിൽ ശുദ്ധീകരിച്ച് ജലം ക്ലോറിനേഷനിലൂടെ ഡിസ്ഇൻഫെക്ഷൻ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയതിനു ശേഷം മാത്രമാണ് വാട്ടർ അതോറിറ്റി ജല വിതരണം ചെയ്യാറുള്ളത് .<br><br>ഇറിഗേഷൻ വകുപ്പിൻ കീഴിൽ, പുഴകളിൽ സ്ഥാപിച്ചിട്ടുള്ള ഹൈഡ്രോളജിക്കൽ സ്റ്റേഷനുകളിൽ 2 മാസത്തിലൊരിക്കൽ വെള്ളത്തിന്റെ ക്വാളിറ്റി ടെസ്റ്റ് ചെയ്തുവരുന്നതാണ്. |
| (സി) | സമീപ പട്ടണങ്ങളിൽ നിന്നുള്ള മലിനജലം നദികളിലും ജലാശയങ്ങളിലും ഒഴുകിച്ചേരുന്നത് മൂലമുണ്ടാകുന്ന മലിനീകരണം തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | സമീപ പട്ടണങ്ങളിൽ നിന്നുള്ള മലിനജലം നദികളില്ലു ജലാശയങ്ങളിലും ഒഴുകി ചേരുന്നത് മൂലമുണ്ടാകുന്ന മലിനീകരണം തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം പുഴകളുടെ പുനരുജ്ജീവനത്തിനായ ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർമാനായും മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാതല എൺവയോൺമെന്റ് എഞ്ചിനീയർ, കൺവീനറായും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ അംഗങ്ങളായും പുഴകളിലെ മലിനീകരണ നിയന്ത്രണത്തിനായി ജില്ലാതല സാങ്കേതിക സമിതി അത്തരം പ്രവൃത്തിക മോണിറ്റർ ചെയ്തുവരികയും ചെയ്യുന്നുണ്ട്. പുഴകളുടെ പുനരുജ്ജീവനത്തിനു വേണ്ടി ഹരിതകേരളം,പ്ലാൻ,ബജറ്റ്,എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിച്ച് പ്രവൃത്തി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ 'Room for River' ന്റെ ഭാഗമായും ജില്ലാ പഞ്ചായത്തിന്റെ Deposit Fund ഉപയോഗിച്ചും പുഴയിൽ അടിഞ്ഞ് കൂടിയ എക്കലും ചെളിയും നീക്കം ചെയ്ത് പുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനുള്ള പ്രവൃത്തി മുഖാന്തിരം നടപ്പിലാക്കി വരുന്നു.ഒപ്പം മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നദികളുടെയും അവയുടെ കൈവഴികളുടെയും ശുചിയാക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഒപ്പം മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നദികളുടെയും അവയുടെ കൈവഴികളുടെയും ശുചിയാക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | പട്ടണപ്രദേശങ്ങളിലെ അഴുക്കുചാലുകൾ വൃത്തിയാക്കുന്നതിനും അതിലെ ജലം സംസ്കരിച്ച് മാലിന്യത്തോത് കുറയ്ക്കുന്നതിനുമുള്ള സമഗ്രമായ പദ്ധതി ജലവിഭവ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ പട്ടണ പ്രദേശങ്ങളിൽ അഴുക്കുചാലുകൾ മാലിന്യമുക്തമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നത് അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആണ്. ഓപ്പറേഷൻ ബ്രേക്ക് ത്രൂ പോലുള്ള ജില്ലാ ഭരണകൂടം നടപ്പിലാക്കുന്ന പദ്ധതികൾ വഴി നഗരത്തിലെ ഡ്രെയിനേജ് ചാലുകൾ നവീകരിക്കാറുണ്ട്. അതുവഴി ടി ചാനലുകളിലൂടെ ഒഴുകുന്ന ജലത്തിന്റെ മാലിന്യത്തോത് കുറക്കാനും, അതോടൊപ്പം മലിനജലം പൊതു ചാലുകളിലേക്കു നിക്ഷേപിക്കുന്നത് നിരുത്സാഹപ്പെടുത്തുവാനും ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ